പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6105** — **20.11.2019-ൽ മറുപടിയ്ക്ക്**

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

**മറുപടി**

എ.കെ.ബാലൻ

(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഭൂമി, ഭവനം, വൈദ്യുതി ഇവ ഇല്ലാത്തവർ, ശുദ്ധമായ കുടിവെള്ളം ലഭിക്കാത്തവർ, ജനിതക രോഗങ്ങൾ ബാധിച്ചവർ, ഗതാഗത സൗകര്യമില്ലാത്തവർ ഇങ്ങനെ കഷ്ടത അനുഭവിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി ഒരു സമഗ്ര ഉന്നമന പാക്കേജ് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | ബി) | പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിലൂടെ സമഗ്ര ഉന്നമനമാണ് ലക്ഷ്യമിടുന്നത്. പട്ടികവിഭാഗങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള നിരവധി പദ്ധതികൾ ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി അംബേദ്കർ ഗ്രാമപദ്ധതിയും സമ്പൂർണ്ണ ഭവന നിർമ്മാണത്തിനായി ലൈഫ് മിഷനും നടപ്പാക്കി വരുന്നു. |
| സി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാതെ ചൂഷണത്തിന് ഇരയാകുന്ന സാഹചര്യം ഒഴിവാക്കാൻ കൈക്കൊണ്ടിട്ടുളള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ? | സി) | പട്ടികജാതി വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കൃത്യമായും പട്ടികജാതി വിഭാഗത്തിന് തന്നെയാണ് ലഭിക്കുന്നതെന്ന ഉറപ്പ് വരുത്തിയ ശേഷമാണ് അനുവദിക്കുന്നത്.<br><br>പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് പട്ടിക വർഗ്ഗക്കാർ മാത്രം ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതി മുഖേനയാണ്. അത്തരത്തിൽ അനുവദിക്കുന്ന ധനസഹായങ്ങൾ ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് (Direct benefit transfer) നേരിട്ട് ക്രഡിറ്റ് ചെയ്യുന്നതിനാൽ യാതൊരുവിധ ചൂഷണത്തിനും ഇവർ ഇരയാകുന്നില്ല. |

സെക്ഷൻ ഓഫീസർ